**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 5** **04-10-2021 - ൽ മറുപടിയ്ക്ക്**

**എക്സൈസ് എൻഫോഴ്സ്മെന്റ് ശാക്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. എം. എം. മണി | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന എക്സൈസ് എൻഫോഴ്സ്മെന്റിന്റെ അധികാര പരിമിതി മുതലാക്കി അന്താരാഷ്ട്ര ബന്ധമുള്ള സംഘങ്ങൾ ഉൾപ്പെടെ വിമാനത്താവളം വഴിയും ട്രെയിൻ മാർഗ്ഗവും എം. ഡി. എം. എ. പോലുള്ള രാസ ലഹരി വസ്തുക്കളും ഹാഷിഷ് ഉൾപ്പെടെ മറ്റു ലഹരി വസ്തുക്കളും സംസ്ഥാനത്തേക്ക് കടത്തി കൊച്ചിയെ മയക്കു മരുന്നു ഹബ്ബാക്കാൻ നീക്കം നടത്തുന്നതായി പറയപ്പെടുന്നതിനാൽ സംസ്ഥാന എക്സൈസ് വകുപ്പ് പോലീസുമായി കൈകോർത്ത് എൻഫോഴ്സ്മെന്റ് ശാക്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | വിമാനത്താവളം വഴിയും, ട്രയിൻ മാർഗ്ഗവുമുള്ള മയക്കുമരുന്നുകൾ, രാസലഹരി വസ്തുക്കൾ എന്നിവയുടെ കടത്ത് തടയുന്നതിനായി പോലീസ് വകുപ്പുമായി ചേർന്ന് പരിശോധന നടത്തുന്നുണ്ട്. പോലീസ് വകുപ്പ് കൂടാതെ ഡ്രഗ്ഗ് കൺട്രോൾ, ഭക്ഷ്യസുരക്ഷ, റവന്യൂ കസ്റ്റംസ് തുടങ്ങി മറ്റുവിഭാഗങ്ങളുമായി ചേർന്നും സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്. ഈ വർഷം (2021 ജനുവരി മുതൽ നാളിതുവരെ) 1161 സംയുക്ത റെയ്ഡുകൾ നടത്തിയിട്ടുണ്ട്. |
| (ബി) | ചെക്പോസ്റ്റുകൾ ആധുനികോപകരണങ്ങളുടെ സഹായത്തോടെ ശക്തിപ്പെടുത്താനായിട്ടുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട 14 ചെക്പോസ്റ്റുകളിലും സി.സി.റ്റി.വി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള പ്രവർത്തനം നടക്കുന്നുണ്ട്. 25 ചെക്പോസ്റ്റുകളിൽ Solar Highmast ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. രാത്രി കാലങ്ങളിൽ ചെക്പോസ്റ്റുകളുടെ സാന്നിധ്യം തിരിച്ചറിയുന്നതിനായി ഡിജിറ്റൽ LED സൈൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. 27 ചെക്പോസ്റ്റുകളിൽ ഇരുചക്ര വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടി ചെക്പോസ്റ്റുകളിൽ കമ്പ്യൂട്ടർവത്ക്കരണം നടത്തിയിട്ടുണ്ട്. |
| (സി) | ലഹരിവേട്ട ശക്തിപ്പെടുത്താൻ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | ലഹരിവേട്ട ശക്തിപ്പെടുത്തുന്നതിനായി നിലവിൽ എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകളുണ്ട്. ഇടുക്കി ജില്ലയിൽ കഞ്ചാവ് കൃഷി തടയുന്നതിനുൾപ്പെടെയായി ഒരു നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. മൂന്ന് മേഖലകളിൽ മേഖലാ സ്ക്വാഡുകളും, |

| | | | |
|---|---|---|---|
| | | | എക്സൈസ് കമ്മീഷണറുടെ നിയന്ത്രണത്തിൽ സംസ്ഥാനമൊട്ടാകെ പ്രവർത്തന പരിധിയുള്ള സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും പ്രവർത്തിച്ചു വരുന്നു. ഈ സ്ക്വാഡുകളിലെ എക്സൈസ് ഇൻസ്പെക്ടർ റാങ്കിനു മുകളിലുള്ളവർക്ക് കേസ് രജിസ്റ്റർ ചെയ്യാനുള്ള അധികാരം നൽകുന്നതിനും ഇപ്പോൾ നടപടികളെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ